# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | | | |
|---|---|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 34 | | 08.08.2017 - ൽ മറുപടിക്ക് | |
| **സംസ്ഥാനത്തെ ചരക്കു സേവന നികുതി ശൃംഖല** | | | |
| | ചോദ്യം | | മറുപടി |
| | ശ്രീ. ഐ.ബി സതീഷ്<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എം. നൗഷാദ് | | ഡോ. ടി.എം തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ചരക്കു സേവന നികുതി ശൃംഖല (ജി.എസ്.ടി.എൻ) പൂർണ്ണമായും സജ്ജമാക്കിയിട്ടുണ്ടോ; എത്ര ശതമാനം വ്യാപാരികളും വ്യവസായികളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇന്ത്യയിലെ മുഴുവൻ വ്യാപാരികൾക്കും രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, ഇ-പെയ്മെന്റ് എന്നിവ നടത്തുന്നതിനു വേണ്ടി ജി.എസ്.ടി.എൻ തയ്യാറാക്കിയ പോർട്ടൽ ഏറെക്കുറെ സജ്ജമായി വരുന്നതേയുള്ളൂ. സംസ്ഥാനതലത്തിൽ അസസ്സ്മെന്റ്, ആഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ് മുതലായ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ബാക്ക് എൻഡ് മൊഡ്യൂൾ തയ്യാറാക്കുന്നതിനായി എൻ.ഐ.സി.യെ ഏൽപ്പിച്ചിട്ടുണ്ട്. ആയത് പൂർത്തിയായി വരുന്നു. വാറ്റ് നിയമപ്രകാരം സംസ്ഥാനത്ത് രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികളിൽ 85% ത്തോളം വ്യാപാരികളും ജി.എസ്.ടി.യിലേയ്ക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത 20 ലക്ഷത്തിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളും ഹോട്ടലുകളും നികുതി കമ്പോസിഷൻ പദ്ധതി പ്രയോജനപ്പെടുത്തുന്നവരും ഉപഭോക്താക്കളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതു തടയാൻ സാധ്യമായിട്ടുണ്ടോ; ജി.എസ്.ടി നിയമപ്രകാരം ഇവർ നിർബന്ധമായും ബിൽ നൽകേണ്ടതില്ലാത്തതിനാൽ അനധികൃതമായി നികുതി പിരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം എന്താണ്; | (ബി) | കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നവർ നികുതി പിരിക്കാൻ പാടില്ലാത്തതും അവർ കോമ്പൗണ്ടിംഗ് വ്യാപാരിയാണെന്നുള്ളത് അവരുടെ നെയിം ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. കൂടാതെ അവരുടെ ഇൻവോയിസിൽ നികുതി പിരിവ് സാദ്ധ്യമല്ല എന്നതും അച്ചടിക്കേണ്ടതാണ്.<br>രജിസ്ട്രേഷൻ നിർബന്ധമില്ലാത്ത 20 ലക്ഷത്തിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളും നികുതി കോമ്പോസിഷൻ പദ്ധതി പ്രയോജനപ്പെടുത്തുന്നവരും ഉപഭോക്താക്കളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതു തടയുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. കോമ്പോസിഷൻ വ്യാപാരികളെയും ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികളെയും തിരിച്ചറിയുന്നതിനായി വ്യത്യസ്ത തരത്തിലുള്ള ബില്ല് മാതൃകകൾ പുറത്തിറക്കും. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനവും ഇതിനായി വിനിയോഗിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ നടത്തിയിരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ യെന്നും അവ ഒഴിവാക്കിയ പ്പോൾ നികുതി വെട്ടിപ്പിനുള്ള മാർഗ്ഗം അടച്ചതെങ്ങനെയെന്നും അറിയിക്കാമോ; | (സി) | ജി.എസ്.ടി നടപ്പിലായതോടുകൂടി അന്തർ സംസ്ഥാന വ്യാപാരത്തിന്റെ അതിർത്തി കൾ ഇല്ലാതായിട്ടുണ്ട്. ആയതിനാൽ ചെക്ക് പോസ്റ്റുകൾക്ക് നേരത്തെയുണ്ടായിരുന്ന ധർമ്മം നിറവേറ്റാനില്ല. ജി.എസ്.ടി നിയമപ്ര കാരം ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ഫെസിലിറ്റേഷൻ സെന്റർ മാത്രമാക്കി പരി മിതപ്പെടുത്തിയിട്ടുണ്ട്. അന്തർസംസ്ഥാന ചരക്കു നീക്കത്തിന്റെ വിശദാംശങ്ങൾ അവർ ഓൺലൈൻ ഡിക്ലറേഷൻ പ്രകാരം ഫെസിലിറ്റേഷൻ സെന്ററിൽ നൽകേണ്ടതാ ണ്. ഇന്ത്യയിൽ മൊത്തമായുണ്ടാകുന്ന ചരക്ക് ഗതാഗതത്തിനെ ട്രാക്ക് ചെയ്യുന്നതി നുള്ള e-way bill സമ്പ്രദായം ഉടൻ നടപ്പി ലാകും. പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ് ജി.എ സ്.ടി എന്നതിനാൽ നികുതി വെട്ടിപ്പ് ഗണ്യ മായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രധാന പാതകളിലും ഊടുവഴികളിലും നിരീക്ഷണം സംവിധാനം ഏർപ്പെടുത്തുന്ന തിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അതോടൊപ്പം വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഈ മേഖല യിൽ കൂടുതൽ കാര്യക്ഷമമായി പ്രയോജന പ്പെടുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**